4505
11318

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

നമ്പർ : **53/എം.1/2018/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 27/02/2018

## <u>പരിപത്രം</u>

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം - പ്രീ കെ.ഇ.ആർ. കെട്ടിടങ്ങളിൽ സ്കൂൾ ക്ലാസുകൾ നടത്തുന്നത് - ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) 15274/2008-മ്മേലുള്ള 22.03.2009-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) 10.03.2006-ലെ 45713(1)/എം.3/2005/പൊ.വി.വ. നമ്പർ സർക്കാർ പരിപത്രം.
2) 26.09.2008-ലെ 30614/എം.1/2008/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
3) ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഡബ്ല്യു.പി.(സി) 15274/2008-മ്മേലുള്ള 22.03.2009-ലെ വിധിന്യായം.

സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സ്പെസിഫിക്കേഷനും ഡൈമെൻഷനുകളും സംബന്ധിച്ച് സൂചന(1) പ്രകാരം സർക്കാർ വിശദമായ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിൽ നിലവിലുള്ള എല്ലാ പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങളും 01.06.2008-ന് മുമ്പായി കെ.ഇ.ആർ. മാനദണ്ഡങ്ങളനുസരിച്ച് പുതുക്കി പണിയുകയോ രൂപമാറ്റം വരുത്തുകയോ ചെയ്യണമെന്നും അപ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾക്ക് മാത്രമേ പ്രീ-കെ.ഇ.ആർ. ആനുകൂല്യങ്ങൾ നൽകി നിലവിലുണ്ടായിരുന്ന ഡിവിഷനുകൾ തുടർന്നും അനുവദിക്കുകയുള്ളുവെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. വളരെ ബലമുള്ളതും പൈതൃകമായി സൂക്ഷിക്കേണ്ടതുമായ പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങൾ സുരക്ഷിതത്വം ഉറപ്പ് വരുത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങി തുടർന്നും ക്ലാസ് നടത്തുന്നതിന് അനുവാദിക്കാവുന്നതാണെന്നും ഇങ്ങനെ അനുവദിക്കുമ്പോൾ ഇത്തരം ഓരോ കെട്ടിടത്തിലും കെ.ഇ.ആർ. അനുശാസിക്കുന്ന വിധം നീളവും വീതിയും

നിർബന്ധമാക്കാതെയും എന്നാൽ കെ.ഇ.ആർ. ഓരോ ക്ലാസിനും അനുശാസിക്കുന്ന വിസ്തീർണ്ണത്തിൽ കുറവ് വരുത്താതെയും മാത്രമേ ക്ലാസുകളുടെ എണ്ണം അനുവദിക്കുവാൻ പാടുള്ളൂവെന്നും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കുന്നതല്ലായെന്നും അത്തരം കെട്ടിടങ്ങൾ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സുരക്ഷിതത്വം കണക്കിലെടുത്ത് ഉടൻ പൊളിച്ചു നീക്കേണ്ടതാണെന്നും സൂചന(2) പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിരുന്നു.

സൂചന(1)ലെ പരിപത്രവും സൂചന(2)ലെ സർക്കാർ കത്തും ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സൂചന(3) പ്രകാരമുള്ള വിധിന്യായത്തിൽ ചലഞ്ച് ചെയ്യുകയുണ്ടായി. ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്താത്തതിനാൽ സർക്കാരിന്റെ പ്രസ്തുത നിർദ്ദേശങ്ങൾ നിലനിൽക്കുന്നതല്ലായെന്നും 'പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തിയാൽ അവിടെ ക്ലാസുകൾ നടത്താമെന്നും കോടതി വിധിക്കുകയുണ്ടായി.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും കൂടുതൽ ഡിവിഷനുകൾ അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും പുതുതായി നിലവിൽ വന്നിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ, തീരദേശ പരിപാലന നിയമം എന്നിവയുടെയെല്ലാം ഫലമായി പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങൾ പൊളിച്ച് പുതിയ അളവിലുള്ള കെട്ടിങ്ങൾ പലയിടത്തും പണിയാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുവെന്ന കാര്യവും സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 01.06.1959-ന് മുമ്പുണ്ടായിരുന്നതും പ്രസ്തുത തീയതിക്ക് ശേഷം തുടരുന്നതുമായി പ്രീ-കെ.ഇ.ആർ. സ്കൂൾ കെട്ടിടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ നൽകിയിട്ടുള്ള സുരക്ഷാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത തീയതിയിൽ നിലവിലുള്ള അത്രയും ക്ലാസ് ഡിവിഷനുകൾ, കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ തുടർന്നും നടത്താവുന്നതാണ്.

2) വളരെ പെട്ടെന്ന് അഗ്നിക്ക് ഇരയാകുന്നതോ കുട്ടികൾക്ക് അനാരോഗ്യം സൃഷ്ടിക്കുന്നതോ ആയ മേൽക്കൂരകൾ ഉള്ള പ്രീ-കെ.ഇ.ആർ. സ്കൂൾ കെട്ടിടങ്ങൾക്ക് മുകളിൽ പറയുന്ന ആനുകൂല്യം ലഭിക്കുന്നതല്ല.

3) പ്രസ്തുത ഡിവിഷനുകൾ സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കുന്ന വേളയിൽ നിർദ്ദേശം (2) കർശനമായി പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

**കെ.ഗോപാലകൃഷ്ണഭട്ട്**
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, എൽ.എസ്.ജി.(ബിൽഡിംഗ്), തിരുവനന്തപുരം
ചീഫ് എൻജിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്), തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഡി.ഡി.ഇ.മാർക്കും (ഡി.പി.ഐ.മുഖേന)
പൊതുമരാമത്ത് വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്&ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ